## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
ചോദ്യം നം. 2552

06.02.2018 ലെ മറുപടിയ്ക്ക്

**പട്ടകജാതി പട്ടികവർഗ്ഗ വികസന പദ്ധതി നടത്തിപ്പിലെ അപര്യാപ്തതകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.പി. അനിൽ കുമാർ<br>,, ഐ.സി.ബാലകൃഷ്ണൻ<br>,, വി.പി.സജീന്ദ്രൻ<br>,, ഷാഫി പറമ്പിൽ : | ശ്രീ. എ. കെ. ബാലൻ<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി |

| | | | |
|---|---|---|---|
| (എ) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ജനസംഖ്യാനുപാതത്തെക്കാൾ ഉയർന്ന പദ്ധതി വിഹിതം അവർക്കായി ചെലവിടുന്നുവെങ്കിലും പ്രസ്തുത വിഭാഗത്തിന്റെ സാമൂഹികവും സാമ്പത്തികവുമായ സ്ഥിതി പരിതാപകരമാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സാമൂഹികവും സാമ്പത്തികവുമായ സ്ഥിതി പൊതുവേ മറ്റു വിഭാഗങ്ങളോട് തുലനം ചെയ്യുവാൻ പറ്റുന്ന നിലയിൽ എത്തിയിട്ടില്ല. |
| (ബി) | ഇതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; | (ബി) | ആസ്തികളുടെ അഭാവം, വർഷങ്ങളായി നിലനിൽക്കുന്ന സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ പിന്നോക്കാവസ്ഥ ദുർഘടപ്രദേശങ്ങളിലെ താമസം തുടങ്ങിയ ഘടകങ്ങളാണ് പ്രസ്തുത അവസ്ഥയ്ക്ക് കാരണമാകുന്നത്. എന്നിരുന്നാലും പട്ടികജാതി പട്ടികവർഗ്ഗ വകുപ്പുകൾ നടപ്പാക്കുന്ന സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസ പരിപാടികളിലൂടെ ഇവരുടെ അവസ്ഥയിൽ ഗണ്യമായ മാറ്റം ക്രമാനുഗതമായി വന്നിട്ടുണ്ട്. |
| (സി) | പട്ടികവർഗ്ഗക്കാരുടെ ഭവനനിർമ്മാണത്തിനായി വിവിധ പദ്ധതികളിലൂടെ ധാരാളം തുക വിനിയോഗിച്ചെങ്കിലും വാസയോഗ്യമായ ഭവനങ്ങൾ ഇല്ലാത്തവരുടെ എണ്ണം വർദ്ധിക്കുന്നത് പദ്ധതി നിർവ്വഹണത്തിലെ അഴിമതിയും കെടുകാര്യസ്ഥതയും മൂലമാണെന്നുള്ള യാഥാർഥ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഓരോ വർഷവും പട്ടികവർഗ്ഗ കുടുംബങ്ങളിലെ ഉപകുടുംബങ്ങളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടാകുന്നതിനാലും വീടുകൾക്കുണ്ടാകുന്ന കേടുപാടുകൾ മൂലവും വാസയോഗ്യമായ ഭവനങ്ങൾ ഇല്ലാത്തവരുടെ എണ്ണം വർദ്ധിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് കഴിഞ്ഞ 15 വർഷം നടപ്പിലാക്കിയ പദ്ധതികളും അതിലൂടെ പ്രസ്തുത വിഭാഗങ്ങൾക്കുണ്ടായ നേട്ടങ്ങളും പരിശോധിക്കുന്നതിന് ഒരു പ്രത്യേക സംവിധാനം ഒരുക്കുമോ എന്നറിയിക്കാമോ? | (ഡി) | പട്ടികജാതി വികസനത്തിനായി വകുപ്പ് നടപ്പാക്കി വരുന്ന പദ്ധതികളെ സംബന്ധിച്ച് പഠിക്കുന്നതിനായി ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിൽ പുരോഗതി വിലയിരുത്തുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. ഇത് വകുപ്പിന്റെ വെബ് സൈറ്റിലൂടെ പൊതുജനങ്ങൾക്ക് പരിശോധിക്കാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ.**